"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- തിരുവനന്തപുരം നഗരസഭയിലെ എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. ആതിര.എ.കെ.-യ്ക്ക് പ്രത്യേക അവശതാവധി അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2001/2024/LSGD തീയതി,തിരുവനന്തപുരം, 21-10-2024

---

പരാമർശം:-

1. തിരുവനന്തപുരം നഗരസഭ അഡീഷണൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 03.09.2024 തീയതിയിലെ GF2- 5891/19 നമ്പർ സാക്ഷ്യപത്രം.
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽഡയറക്ടറുടെ 15.10.2024 തിയതിയിലെ LSGD/PD/33166/2024-DEC3 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം നഗരസഭയിൽ എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. ആതിര.എ.കെ. 01.07.2023ന് വാർഡിൽ കളക്ഷനുമായി ബന്ധപ്പെട്ട് ഫീൽഡ് ഡ്യൂട്ടി നിർവഹിക്കവേ ടിയാരിക്ക് അപകടം സംഭവിക്കുകയും വലതുകാലിന് സാരമായ പരിക്ക് പറ്റുകയും ചെയ്തതിനെത്തുടർന്ന് 01.07.2023 മുതൽ 14.07.2023 വരെ പ്രത്യേക അവശതാവധി അനുവദിക്കുന്നതിനായി ടിയാൾ സമർപ്പിച്ച അപേക്ഷയും, അനുബന്ധരേഖകളും, പരാമർശം 1 പ്രകാരമുള്ള അഡീഷണൽ കോർപ്പറേഷൻ സെക്രട്ടറിയുടെ സാക്ഷ്യപത്രം സഹിതം പരാമർശം 2 പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം നഗരസഭയിൽ എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. ആതിര.എ.കെ.-യ്ക്ക് 01.07.2023ന് വാർഡിൽ കളക്ഷനുമായി ബന്ധപ്പെട്ട് ഫീൽഡ് ഡ്യൂട്ടി നിർവഹിക്കവേ സംഭവിച്ച അപകടത്തെത്തുടർന്ന് അവധിയിലായിരുന്ന 01.07.2023 മുതൽ 14.07.2023 വരെയുള്ള കാലയളവ് കെ.എസ്.ആർ, ഭാഗം 1, ചട്ടം 98 പ്രകാരം പ്രത്യേക അവശതാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ശ്രീമതി. ആതിര.എ.കെ., എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ, തിരുവനന്തപുരം നഗരസഭ ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

സെക്രട്ടറി, തിരുവനന്തപുരം നഗരസഭ ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

എക്സി.ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Sonu Jacob

Date: 22-10-2024 14:20:05

സെക്ഷൻ ഓഫീസർ